Minister for Education, Labour and Civil Supplies (**Sri. Panampilli Govinda Menon**): No. It may however be stated that with effect from 1st April 1950, the Employment Exchange of the State is run by this Government on an agency basis, this Government meeting the entire expenditure in the first instance and recovering from the Central Government 60 per cent of the expenditure minus accommodation charges, towards the close of the financial year.

ജനയക്കമ്മിറ്റി റിപ്പോർട്ട്

* ൪൨൩. (൪൨൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ജനയക്കമ്മിറ്റി റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചോ;

(ബി) അതു് പ്രസിദ്ധം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; എപ്പോൾ പ്രസിദ്ധം ചെയ്യും?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) റിപ്പോർട്ട് കിട്ടിയതിനശേഷം ഇതേപ്പറ്റി ആലോചിക്കുന്നതാണു്.

നികുതി

* ൪൨൪. (൪൨൭) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും നികുതി (കരം) യുടെ വ്യത്യസ്തരീതി എപ്പോൾ മാറുമെന്നു പറയാമോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ജനയ കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലുടൻ സംസ്ഥാനത്തെ നികുതി നയം സംബന്ധിച്ചു് വേണ്ട തീർച്ച ചെയ്യുന്നതാണു്.

പിന്നോക്കസമുദായക്കാർക്കായി നീക്കിവച്ചിട്ടുള്ള പുറംപോക്കുസ്ഥലങ്ങൾ

* ൪൨൫. (൪൨൮) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിൽ പിന്നോക്ക സമുദായക്കാർക്കു ഗവണ്മെൻറിൽനിന്നും നീക്കിവച്ചിട്ടുള്ള പുറംപോക്കു ഭൂമിഎത്ര;

(ബി) അവ ഏതേതു പകുതികളിൽ എത്ര വീതം;

(സി) അപ്രകാരമുള്ള ഭൂമിയിൽ അതിനർഹതയുള്ളവർ പ്രവേശിക്കുന്നതിനു തടസ്സമുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൨൩, ൧൪ എക്കർ ൭൫ സെൻറ്.

	പകുതി.	എ.	സെ.
(ബി)	മേലില	൪ ൦	൩൫
	വെട്ടിക്കവല	൧൯ ൨	—
	കൊട്ടാരക്കര	൨൩ ൧൪	—

LIBRARY ARCHIVES Kerala Legislative Assembly